# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 3

08.02.2016-ൽ മറുപടിക്ക്.

## സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. കെ. രാജു<br>ശ്രീ. വി. ശശി | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പ്, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ കെട്ടിട ഉടമകൾക്കെതിരെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര ഉടമകൾക്ക് നോട്ടീസ് നൽകിയെന്ന് വെളിപ്പെടുത്തുമോ;<br><br>(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച ബഹുനില മന്ദിരങ്ങൾ, ഫ്ളാറ്റുകൾ, മാളുകൾ, തീയേറ്ററുകൾ തുടങ്ങിയവ കണ്ടെത്തിയിട്ടുണ്ടോ; | : (എയും, ബിയും) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ വിവിധ വിഭാഗങ്ങളിൽ പ്പെടുന്ന 1589 കെട്ടിടങ്ങളുടെ ഉടമകൾക്ക് നോട്ടീസ് നല്കിയിട്ടുണ്ട്. |
| (സി) ബഹുനില മന്ദിരങ്ങളുടെ സുരക്ഷയ്ക്കുള്ള നാഷണൽ ബിൽഡിംഗ് കോഡ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | : (സി) അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ **(fire protection requirements)** നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണമെന്ന് കെ.എം.ബി.ആർ ലെ ചട്ടം 44, കെ.പി.ബി.ആർ ലെ ചട്ടം 49 എന്നിവയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (ഡി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ? | : (ഡി) അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിട ഉടമകൾക്ക്, അപാകത ചൂണ്ടിക്കാണിച്ച്, ആയത് പരിഹരിക്കുന്നതിനായി നോട്ടീസ് നൽകിവരുന്നു. ഒരു മാസത്തെ സമയ പരിധിക്കുള്ളിൽ അപാകത പരിഹരിക്കപ്പെടാത്ത പക്ഷം പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാരിയെ അറിയിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

7) വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരേ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തിയെടുക്കുക;
8) സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്ത ഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക;
9) സ്വഭാവ ശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക;
10) സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവസമൂഹത്തെ സൃഷ്ടിക്കുക.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) **പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.**

1. എസ്.പി.സി. പദ്ധതി ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി പോലീസ് ആസ്ഥാനത്തിന്റെ ചുമതലയുള്ള ഐ.ജി.-യുടേയും എസ്.പി.സി. പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുടെയും പേരിൽ എസ്.ബി.റ്റി.-യുടെ തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചു;

2. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടിൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ/അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ ആയി പ്രവർത്തിച്ചു വരുന്ന അദ്ധ്യാപകരെ 5 വർഷത്തേക്ക് സ്ഥലം മാറ്റാൻ പാടില്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചു;

3. എസ്.പി.സി. പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം 75% അറ്റൻഡൻസോടുകൂടി കാര്യക്ഷമമായി പൂർത്തിയാക്കുന്ന എസ്.എസ്.എൽ.സി., ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചു;

4. എസ്.പി.സി. പദ്ധതിയിൽ സി.പി.ഒ/എ.സി.പി.ഒ-മാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് പ്രതിമാസം 500 രൂപ നിരക്കിൽ ഓണറേറിയം നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചു;

5. എസ്.പി.സി. പദ്ധതിയിൽ സി.പി.ഒ/എ.സി.പി.ഒ-മാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ

കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു;

6. തിരുവനന്തപുരം ചാല ഗവ. ഗേൾസ് ഹൈസ്കൂൾ അങ്കണത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദത്തോടെ എസ്.പി.സി. അക്കാദമിയും ഡയറക്ടറേറ്റും രൂപീകരിക്കുന്നതിനായി സൗകര്യം അനുവദിക്കുകയും 12.12.2014-ന് ഡയറക്ടറേറ്റിന്റെ ഉദ്ഘാടനകർമ്മം ബഹു. കേരളാ മുഖ്യമന്ത്രി നിർവ്വഹിക്കുകയുമുണ്ടായി;

7. എസ്.പി.സി. പദ്ധതിയിൽ, ഡ്രിൽ ഇൻസ്ട്രക്ടർമാരായി സർവ്വീസിൽനിന്ന് വിരമിച്ച 60 വയസ്സിനു താഴെ പ്രായമുള്ള മികച്ച ശാരീരിക ക്ഷമതയുള്ളവരും താൽപര്യമുള്ളവരുമായ പോലീസ് ഉദ്യോഗസ്ഥരെ, പ്രതിമാസം 3000/- രൂപാ (മൂവായിരം) നിരക്കിൽ, നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്;

8. പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.പി.സി. പദ്ധതി പ്രവർത്തനങ്ങൾക്കായി 2011-2012 സാമ്പത്തിക വർഷം 59,80,000/- രൂപയും 2012-2013 സാമ്പത്തിക വർഷം 2,20,00,000/- രൂപയും 2013-2014, 2014-2015 സാമ്പത്തിക വർഷങ്ങളിൽ ആറ് കോടി രൂപ വീതവും 2015-2016 സാമ്പത്തിക വർഷം പത്ത് കോടി രൂപയും അനുവദിച്ച് നൽകുകയുണ്ടായി;

9. സംസ്ഥാന വ്യാപകമായി പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള 10 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള 18 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

10. 2011-2012, 2014-2015 സാമ്പത്തിക വർഷങ്ങളിൽ കേരള റോഡ് സേഫ്റ്റി അതോറിറ്റി സംസ്ഥാന വ്യാപകമായി ട്രാഫിക് നിയമ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഓരോ കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്;

11. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ആറാമത് വാർഷികാഘോഷം "ഇന്ത്യാ ഫസ്റ്റ് - എസ്.പി.സി. ഡേ സെലിബ്രേഷൻ 2016" തിരുവനന്തപുരം ജില്ലയിലെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽവെച്ച്

27.01.2016-ാം തീയതി സമുചിതമായി ആഘോഷിക്കുകയുണ്ടായി. ബഹു. കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. രാജ്നാഥ് സിങ് ഈ വർഷത്തെ എസ്.പി.സി. ദിനാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യുകയും സംസ്ഥാന മന്ത്രിമാർ, എം.പി., എം.എൽ.എ-മാർ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ, മറ്റ് സംസ്ഥാനങ്ങളിൽനിന്നും വന്ന വിശിഷ്ട വ്യക്തികൾ എന്നിവർ പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. കൂടാതെ 6000-ത്തിൽപ്പരം കേഡറ്റുകൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരടങ്ങിയ വലിയ സദസ്സ് ഇതിന് സാക്ഷ്യം വഹിച്ചു. എല്ലാ പോലീസ് ജില്ലകളിൽനിന്നും എസ്.പി.സി. കേഡറ്റുകൾ ഓരോ എക്സിബിഷൻ സ്റ്റാൾ വീതം തയ്യാറാക്കി പ്രദർശിപ്പിക്കുകയുമുണ്ടായി.

Rajani M

സെക്ഷൻ ഓഫീസർ.